"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്: - ജീവനക്കാര്യം:- - തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് റിവേർഷനും, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷനും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1178/2023/LSGD തീയതി,തിരുവനന്തപുരം, 07-06-2023

പരാമർശം:-
1. സ.ഉ.(സാധാ)നം.82/2023/തസ്വഭവ തീയതി 11.10.2023
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA61/2023 ഹർജിയിലെ 23.01.2023ലെ ഉത്തരവ്.
3. സ.ഉ.(സാധാ)നം.382/2023/തസ്വഭവ തീയതി 12.02.2023
4. സ.ഉ.(അച്ചടി)നം.28/2023/തസ്വഭവ തീയതി 10.04.2023 (നോട്ടിഫിക്കേഷൻ നമ്പർ 1318 വോള്യം XII തീയതി 11.04.2023)
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/05/2023ലെ LSGD/887/2023/DEA1 കത്ത്.

**ഉത്തരവ്**

അച്ചടക്കനടപടി നിലനിൽക്കുന്നുവെന്ന കാരണത്താൽ 30/12/2022-ന് ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി(ഹയർ), ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിനെതിരെ പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീ. റജികുമാർ കെ കെ, ബെന്നി ജോസഫ്, പി ജയരാജൻ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 61/2023 കേസിലെ 23/01/2023-ലെ പരാമർശം (2) ഉത്തരവ് പ്രകാരം, മേൽ ഉദ്യോഗസ്ഥരുടെ അപേക്ഷ പരിഗണിച്ച് ടി പേർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി, അഡ്ഹോക് ഡി പി സി (ഹയർ) കൂടി പ്രസ്തുത ഉദ്യോഗസ്ഥരെ തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ തീരുമാനമെടുക്കണമെന്ന് ഉത്തരവിട്ടിരുന്നു.

ആയത് പ്രകാരം, ശ്രീ. റജികുമാർ കെ കെ, ബെന്നി ജോസഫ് ,പി ജയരാജൻ എന്നീ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (3) പ്രകാരം തീർപ്പാക്കുകയും, ശേഷം 30.03.2023-ൽ കൂടിയ അഡ്ഹോക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ (ഹയർ) കമ്മിറ്റി യോഗതീരുമാന പ്രകാരം ടി പേരെ ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള പുതുക്കിയ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു.

പരാമർശം (4) പുതുക്കിയ സെലക്ട് ലിസ്റ്റ് പ്രകാരം ശ്രീ. റജികുമാർ കെ കെ, ശ്രീ.ബെന്നി ജോസഫ് , ശ്രീ. പി ജയരാജൻ എന്നിവർ, പരാമർശം (1) ഉത്തരവ് പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിരുന്ന ശ്രീ. ഷാജി ജോസഫ് ചെറുകരക്കുന്നേൽ, ശ്രീ. ശ്രീകുമാർ എസ് എന്നിവർക്ക് മുകളിൽ ആയി ഉൾപ്പെട്ടതിനാൽ ടി പേർക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകേണ്ടതുണ്ടെന്നും, എന്നാൽ പ്രസ്തുത തസ്തികയിൽ ആവശ്യമായ ഒഴിവുകൾ ഇല്ലാത്തതിനാൽ പരാമർശം (1) പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകപ്പെട്ടിരുന്ന ശ്രീ. ഷാജി ജോസഫ് ചെറുകരക്കുന്നേൽ, ശ്രീ. ശ്രീകുമാർ. എസ് എന്നീ ജൂനിയർമോസ്റ്റ് ജോയിന്റ് ഡയറക്ടർമാരെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് റിവർട്ട് ചെയ്യുവാനും തുടർന്ന് പരാമർശം(4) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. റജികുമാർ കെ കെ, ശ്രീ.ബെന്നി ജോസഫ് , എന്നിവർക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിനുമായി പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡയറക്ടറുടെ പരാമർശം (5) ശിപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം, ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്ന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് റിവേർഷനും, ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷനും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>റിവേർഷൻ</u>

| ക്രമ നമ്പർ | സെലക്ട് ലിസ്റ്റിലെ നമ്പർ | പേര് ,നിലവിലെ തസ്തികയും ഓഫീസും | റിവേർഷൻ നൽകുന്ന തസ്തിക |
|---|---|---|---|
| 1 | 8 | **ശ്രീ. ഷാജി ജോസഫ് ചെറുകരക്കുന്നേൽ,** ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണവകുപ്പ്, വയനാട് | ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയം, പാലക്കാട് |
| 2 | 9 | **ശ്രീ. ശ്രീകുമാർ എസ്,** ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണവകുപ്പ്, ആലപ്പുഴ | ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, തൃശൂർ |

<u>പ്രൊമോഷൻ</u>

| ക്രമ നമ്പർ | സെലക്ട് ലിസ്റ്റിലെ നമ്പർ | പേര്, നിലവിലെ തസ്തികയും ഓഫീസും | പ്രൊമോഷൻ നൽകുന്ന തസ്തിക |
|---|---|---|---|
| 1 | 5A | **ശ്രീ. റെജികുമാർ കെ കെ** | ജോയിന്റ് ഡയറക്ടർ, |

| | | | |
|---|---|---|---|
| | | ജനറൽ മാനേജർ,<br>ഗ്രാമലക്ഷ്മി മുദ്രാലയം,<br>പാലക്കാട് | തദ്ദേശ സ്വയംഭരണവകുപ്പ്,<br>കോഴിക്കോട്. |
| 2 | 7A | **ശ്രീ. ബെന്നി ജോസഫ്** ,<br>ഡെപ്യൂട്ടി ഡയറക്ടർ,<br>തദ്ദേശ<br>സ്വയംഭരണവകുപ്പ്,<br>തൃശൂർ | ജോയിന്റ് ഡയറക്ടർ,<br>തദ്ദേശ സ്വയംഭരണവകുപ്പ്,<br>വയനാട് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം മുഖേന).
2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
6. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (EPB1/2/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 07-06-2023 13:45:28
സെക്ഷൻ ഓഫീസർ